**അഭിമുഖം**



# 60 വർഷം പിന്നിട്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി

ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ
**സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി**യുമായി അഭിമുഖം

***അറുപത് വർഷം പിന്നിട്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി സമൂഹത്തിൽ ചെലുത്തിയ സ്വാധീനം എത്രത്തോളമാണ്?***

ഇസ്‌ലാമിനെ ഇന്ത്യൻ ജനസമൂഹത്തിന് പരിചയപ്പെടുത്തുന്ന പ്രസ്ഥാനം എന്ന നിലക്ക് അത് രാജ്യത്ത് സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ രംഗത്ത് ജമാഅത്തിന്റെ വൈജ്ഞാനികവും ബുദ്ധിപരവുമായ സംഭാവനയാണ് പ്രധാനം. പൗരാണികവും ആധുനികവുമായ വിദ്യാഭ്യാസം കരസ്ഥമാക്കിയ നല്ലൊരു വിഭാഗത്തെ അതുവഴി പ്രസ്ഥാനത്തിന്റെ സഹയാത്രികരാക്കാൻ സാധിച്ചിരിക്കുന്നു. സാധാരണക്കാരിലും മധ്യവർഗക്കാരിലുമുള്ള ജമാഅത്തിന്റെ സ്വാധീനവും ശ്രദ്ധേയമാണ്.

***ചിന്താരംഗത്ത് മാറ്റത്തിന് രംഗമൊരുക്കിയപ്പോൾ തന്നെ പ്രയോഗരംഗത്ത് അത്ര തന്നെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടോ?***

പ്രസ്ഥാനം ചിന്താരംഗത്ത് ചെലുത്തിയ സ്വാധീനം ബോധ്യപ്പെടണമെങ്കിൽ, ജമാഅത്തിന്റെ രൂപവത്കരണത്തിന് മുമ്പും ശേഷവും മറ്റു സംഘടനകൾ പുറത്തിറക്കിയ കൃതികൾ തമ്മിൽ താരതമ്യം നടത്തിയാൽ മതിയെന്ന് മൗലാനാ മൗദൂദി പറയാറുണ്ടായിരുന്നു. ജമാഅത്തിന്റെ വൈജ്ഞാനികവും ചിന്താപരവുമായ കരുത്ത് ബോധ്യപ്പെടാൻ ഇതിനപ്പുറം തെളിവ് ആവശ്യമില്ല. കർമമേഖലയിലാണെങ്കിൽ ജമാഅത്ത് ഒരു അഖിലേന്ത്യാ പ്രസ്ഥാനമാണ്. രാജ്യത്തിന്റെ എല്ലാ മുക്കുമൂലകളിലും അതിന് ശാഖകളുണ്ട്. അതിന്റെ പ്രവർത്തകർ കർമനിരതരുമാണ്. ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾക്കോ മറ്റു സംഘടനകൾക്കോ ഒന്നും ഇന്ന് ജമാഅത്തിനെ അവഗണിക്കുക സാധ്യമല്ല. ഇതൊരു വൻ വിജയംതന്നെയല്ലേ? രാജ്യത്ത് ഇസ്‌ലാമിനെ ഒരു ജീവിതപദ്ധതിയായി അവതരിപ്പിച്ചു എന്നതാണ് ജമാഅത്തിന്റെ യഥാർഥ സേവനം.

***ദീനിന്റെ സംസ്ഥാപനം ലക്ഷ്യമായി തെരഞ്ഞെടുത്ത പ്രസ്ഥാനം ഈ ആവശ്യാർഥം നടത്തുന്ന പ്രബോധന-സംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് അനുഭവങ്ങൾ മുമ്പിൽ വെച്ച് വിശദീകരിക്കാമോ?***

ദീനിന്റെ സംസ്ഥാപനം (ഇഖാമത്തുദ്ദീൻ) ആണ് നമ്മുടെ ലക്ഷ്യമെന്ന ചിന്ത സദാ മനസ്സിലുണ്ടാവണമെന്നതിലാണ് എന്റെ ഊന്നൽ. ഈ ലക്ഷ്യത്തിനു വേണ്ടിയാണ് നമ്മുടെ തർബിയത്തും സംവിധാനിച്ചിട്ടുള്ളത്. മതപരമെന്നോ രാഷ്ട്രീയമെന്നോ വ്യത്യാസമില്ലാതെ എന്റെ രചനകളിൽ പ്രവർത്തകരോടും പൊതുസമൂഹത്തോടും ഇക്കാര്യം തന്നെയാണ് സമർഥിക്കാറുള്ളത്. *ഇസ്‌ലാമിക പ്രബോധനം* എന്ന കൃതിയിൽ പ്രബോധനത്തിന്റെ വിശാല പരിപ്രേക്ഷ്യം, തർബിയത്തിന്റെ ആവശ്യകത, ദീനിന്റെ വിജയത്തിനുവേണ്ടിയുള്ള അധ്വാനപരിശ്രമങ്ങൾ എന്നീ കാര്യങ്ങളാണ് വിശകലനം ചെയ്യുന്നത്. ജമാഅത്തിന്റെ വലിയ സമ്മേളനങ്ങളെ അഭിസംബോധന ചെയ്യാൻ അവസരം ലഭിച്ചപ്പോഴൊക്കെ, ഉന്നതമായൊരു ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാണെന്ന സവിശേഷതയാണ് ഊന്നിപ്പറയാറ്. ഇത് മനസ്സിൽ പച്ചപിടിച്ചുനിന്നാൽ മാത്രം പോരാ, ലോകർക്ക് മുമ്പാകെ ഈ ആശയം നിരന്തരം പ്രകാശനം ചെയ്തുകൊണ്ടിരിക്കണം. ഇക്കാര്യത്തിൽ എത്രമാത്രം മുന്നോട്ടുപോയിട്ടുണ്ട് എന്ന ചോദ്യത്തിന്, നാം ചടുലമായി ലക്ഷ്യത്തിലേക്ക് മുന്നേറി എന്ന് പറയാനാവില്ലെങ്കിലും സർവ മേഖലകളിലും നമ്മുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്.



മൗലാനാ മൗദൂദി

**ജനം വിവിധ ഗ്രൂപ്പുകളായി ചേരിതിരിയുകയാണ് സാമുദായിക സംഘട്ടനം കൊണ്ട് സംഭവിക്കുക. ഇങ്ങനെ വേർതിരിയുന്ന ഒരു വിഭാഗവും മറ്റേ വിഭാഗത്തിന്റെ സന്ദേശം കേൾക്കാൻ കൂട്ടാക്കില്ല. നമ്മുടെ സന്ദേശം മുഴു ലോകത്തിനുമുള്ളതായിരിക്കെ, ഏതെങ്കിലും വിഭാഗത്തെ മാത്രം പ്രതിനിധീകരിച്ച് നമുക്ക് നിലകൊള്ളാൻ കഴിയില്ല.**

***ജമാഅത്ത് നേതൃത്വം ഏറ്റെടുത്ത ശേഷം ഈ രംഗത്ത് പ്രത്യേകമായ വല്ല നീക്കവും?***

ചില കാര്യങ്ങൾ നമുക്കിടയിൽ സാർവാംഗീകൃതമാണെങ്കിലും അവ പ്രയോഗത്തിൽ എത്രമാത്രമുണ്ടെന്നതാണ് പ്രധാനം. പ്രവർത്തകരുടെ സംസ്കരണം 1956 മുതൽ തന്നെ പോളിസി-പ്രോഗ്രാമിൽ ഇടം നേടിയിട്ടുണ്ട്. അന്നു തൊട്ടേ ദീനീചിട്ടയിലും സ്വഭാവ സംസ്കരണത്തിലും ഇനിയും ഉയരേണ്ടതുണ്ടെന്ന ബോധ്യമുണ്ട്. ഈ ചിന്ത കാലം ചെല്ലുന്നതിനനുസരിച്ച് കൂടുതൽ ബലപ്പെടുകയുമാണ്. ഈ മേഖലയിൽ നമുക്ക് വലിയ പോരായ്മയുണ്ടെന്നതാണ് വസ്തുത. ഇത് ദൂരീകരിച്ച് ഖുർആനും സുന്നത്തും വിഭാവനം ചെയ്യുന്ന നിലവാരത്തിലേക്ക് പ്രവർത്തകരെ ഉയർത്തുകയെന്നതാണ് തർബിയത്തിന്റെ ലക്ഷ്യം.

***തെരഞ്ഞെടുപ്പ് രാഷ്ട്രീയം സംബന്ധിച്ച് ചർച്ച അൽപം കൂടുതലാണെന്ന് കഴിഞ്ഞ മീഖാത്തുകളിൽ ചിലർ പരാതി ഉന്നയിച്ചിരുന്നു. താങ്കളുടെ വരവോടുകൂടി അതിനൊരു മാറ്റമുണ്ടാകുമെന്നായിരുന്നു ധാരണ. എന്നാൽ കാര്യമായ വ്യത്യാസമൊന്നും കാണാനില്ല?***

ജനാധിപത്യ രാജ്യത്ത് രാഷ്ട്രീയത്തിൽനിന്ന് അകന്നുനിൽക്കാൻ നമുക്ക് ആവുകയില്ല. ഒരുപരിധിവരെ അതിൽ പങ്കുചേരാൻ നാം നിർബന്ധിതരുമാണ്. നമുക്ക് നമ്മുടെ കാര്യങ്ങൾ രാജ്യനിവാസികൾക്ക് മുമ്പാകെ അവതരിപ്പിക്കാൻ പറ്റുന്ന അന്തരീക്ഷം നിലനിൽക്കണമെന്നതാണ് അടിസ്ഥാന വിഷയം. ഇപ്പോഴും നമ്മുടെ സന്ദേശം വളരെ കുറഞ്ഞ ആളുകളിലേ എത്തിയിട്ടുള്ളൂവെന്നതിനാൽ, ഈ തെളിഞ്ഞ അന്തരീക്ഷം നിലനിൽക്കേണ്ടത് ഏറെ ആവശ്യവുമാണ്. നമ്മെക്കുറിച്ച് ഭാഗികമായേ രാജ്യനിവാസികൾക്കറിയൂ. ഉദാഹരണമായി നിങ്ങൾ സദ്ഗുണ സമ്പന്നരാണ്, ജനങ്ങളുടെ ദുഃഖത്തിന് അറുതിവരുത്താൻ ശ്രമിക്കുന്നവരാണ്, ജനസേവനം നടത്തുന്നവരാണ്, വൃത്തിയും വെടിപ്പുമുള്ള രാഷ്ട്രീയം കാംക്ഷിക്കുന്നവരാണ് എന്നൊക്കെ ജനങ്ങൾക്കറിയാം. എന്നാൽ വ്യക്തിക്കും സമൂഹത്തിനും ഉപകാരപ്രദമായൊരു വ്യവസ്ഥ കൂടി നമ്മുടെ കൈവശമുണ്ടെന്നറിയുന്നവർ ആയിരത്തിലൊരുത്തനേ ഉണ്ടാവൂ. ആ വശം കൂടി സമർഥിക്കുമ്പോഴാണ് ജനങ്ങൾ നമ്മെ പൂർണമായി മനസ്സിലാക്കിയെന്ന് പറയാനാവൂ. അക്കാര്യം ജനങ്ങളിലെത്തിക്കാൻ സമാധാനപരമായ ഒരു രാഷ്ട്രീയ ചുറ്റുപാട് ഇവിടെ നിലനിൽക്കണം. അടിയന്തരാവസ്ഥയിലെ സ്ഥിതി എന്തായിരുന്നു? നിയമപരമായി പോലും ഒന്നും ചെയ്യാൻ പറ്റാത്ത കാലം. ഇന്ന് ഏതൊരു പൗരനും തനിക്ക് പറയാനുള്ളത് അവതരിപ്പിക്കാനുള്ള അവസരമുണ്ട്. അത് മൗലികാവകാശമായി അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മതപരമായി നോക്കിയാലും ഈ അവകാശം നിലനിർത്തപ്പെടണമെന്നത് വളരെ അനിവാര്യമാണ്.

***തെരഞ്ഞെടുപ്പിൽ സ്ഥാനാർഥികളെ നിർത്തേണ്ടിവരുമെന്നാണോ? പ്രാദേശിക ബോഡികളിലേക്ക് ജമാഅത്ത് ഈ നീക്കം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ?***

ജനങ്ങളുമായി നേരിൽ ബന്ധപ്പെടാനും അവർക്ക് സേവനം ചെയ്യാനും നമ്മുടെ ആശയങ്ങൾ അവർക്ക് കൈമാറാനും അവസരം ലഭിക്കും എന്നതിനാലാണ് പ്രാദേശിക കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ

തീരുമാനിച്ചത്. ഏതൊരു വ്യക്തിക്കും മതവിഭാഗത്തിനും അവരുടെ മൗലികാവകാശങ്ങളും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള അനുവാദവും ഉറപ്പ് വരുത്താനാണ് പാർലമെന്റ്-അസംബ്ലി തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കുന്നത്.

***പ്രാദേശിക കൗൺസിലുകളിലെ മത്സരത്തിൽ പങ്കെടുക്കാൻ അനുമതി നൽകിയതിലൂടെ അസംബ്ലി-പാർലമെന്റ് തെരഞ്ഞെടുപ്പ് മത്സരങ്ങളിലും ജമാഅത്ത് പങ്കെടുത്തേക്കുമെന്ന് ജനം വിശ്വസിക്കുന്നു?***

ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കണമെന്ന് ജമാഅത്ത് തത്ത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതു സംബന്ധമായ കൂടുതൽ ചർച്ചകൾ പാർട്ടിയുടെ എല്ലാ തലങ്ങളിലും നടന്നുവരികയാണ്.

***സയ്യിദ് മൗദൂദിയുടെ അവസാന സന്ദേശമെന്ന് വിലയിരുത്തപ്പെടുന്ന മദ്രാസ് പ്രഭാഷണത്തിന്, പ്രസ്ഥാനം അറുപത് വർഷം പിന്നിട്ട പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ടിട്ടുണ്ടോ?***

സയ്യിദ് മൗദൂദിയുടെ മദ്രാസ് പ്രഭാഷണം അക്കാലത്ത് ജമാഅത്തിന്റെ കർമപദ്ധതിയായാണ് വിലയിരുത്തപ്പെട്ടത്. സാധ്യമാവുംവിധം ആ കർമരേഖയിലൂടെ ജമാഅത്ത് മുന്നേറിയിട്ടുണ്ട്. എല്ലാ ഇന്ത്യൻ പ്രാദേശിക ഭാഷകളിലും വളരെ വേഗം ഖുർആന്റെയും ഹദീസിന്റെയും പരിഭാഷകൾ ഉണ്ടാകണമെന്നാണ് അദ്ദേഹം അതിൽ ഊന്നിപ്പറഞ്ഞ ഒരു കാര്യം. ഈ വിഷയത്തിൽ ജമാഅത്ത് ഏറെ മുന്നോട്ടുപോയിട്ടുണ്ട്. പ്രത്യേകിച്ച് മുൻ അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് ഈ രംഗത്ത് നടത്തിയ നീക്കങ്ങൾ ശ്രദ്ധേയമാണ്. ഇന്ന് ഖുർആന്റെയും ഹദീസിന്റെയും പരിഭാഷകൾ ലഭ്യമല്ലാത്ത ഒരൊറ്റ പ്രാദേശിക ഭാഷയും ഇന്ത്യയിൽ ഇല്ലെന്ന് അഭിമാനപൂർവം നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. സാമുദായിക സംഘർഷങ്ങളിൽനിന്ന് ജമാഅത്ത് അകന്നുനിൽക്കണമെന്നാണ് മൗലാനാ പറഞ്ഞ പ്രധാനപ്പെട്ട മറ്റൊരു കാര്യം. സാമുദായികത രൂക്ഷമായ ഒരു ഘട്ടത്തിലാണ് സയ്യിദ് മൗദൂദി ഇത് പറഞ്ഞത്. സാമുദായിക സംഘർഷങ്ങളാണ് രാജ്യത്തെ വിഭജനത്തിൽ കൊണ്ടെത്തിച്ചതും. ജനം വിവിധ ഗ്രൂപ്പുകളായി ചേരിതിരിയുകയാണ് സാമുദായിക സംഘട്ടനം കൊണ്ട് സംഭവിക്കുക. ഇങ്ങനെ വേർതിരിയുന്ന ഒരു വിഭാഗവും മറ്റേ വിഭാഗത്തിന്റെ സന്ദേശം കേൾക്കാൻ കൂട്ടാക്കില്ല. നമ്മുടെ സന്ദേശം മുഴു ലോകത്തിനുമുള്ളതായിരിക്കെ, ഏതെങ്കിലും വിഭാഗത്തെ മാത്രം പ്രതിനിധീകരിച്ച് നമുക്ക് നിലകൊള്ളാൻ കഴിയില്ല. ജമാഅത്ത് സാമുദായിക വടംവലിയിൽ ഭാഗഭാക്കായാൽ ലക്ഷ്യത്തിൽ പരാജയപ്പെടുമെന്നാണ് സയ്യിദ് മൗദൂദി സമർഥിച്ചത്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ സന്ദേശം മാത്രമായി നമ്മുടെ ശബ്ദം ചുരുങ്ങിപ്പോകാതിരിക്കാൻ ജമാഅത്ത് എന്നും ജാഗ്രത പുലർത്തിയിട്ടുണ്ട്. നമ്മുടെ സന്ദേശം രാജ്യത്തെ ഏത് വിഭാഗത്തിലുംപെട്ട മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. അഥവാ ഇസ്‌ലാമിക പ്രബോധനത്തിന് പരിധികളില്ല. സയ്യിദ് മൗദൂദി ഊന്നിപ്പറഞ്ഞ ഈ രണ്ട് കാര്യങ്ങൾ, സാഹചര്യം മാറുമ്പോൾ അപ്രസക്തമാവുമെന്ന് ഞാൻ കരുതുന്നില്ല.

***സാമുദായിക സംഘർഷങ്ങൾ അവസാനിപ്പിക്കാൻ ജമാഅത്ത് നടത്തിയ നീക്കങ്ങൾ?***

വിഭജനവേളയിലുണ്ടായ സാമുദായിക സംഘട്ടനങ്ങൾ പിന്നീട് ദുർബലമാവുകയാണുണ്ടായത്. മുസ്‌ലിം സമൂഹത്തെ ചിന്തയിലും പ്രയോഗത്തിലും 'ഉത്തമ സമൂഹം' എന്ന നിലവാരത്തിലേക്ക് കൊണ്ടുവരികയായിരുന്നു ജമാഅത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന്. അവരുടെ പ്രശ്നപരിഹാരങ്ങൾക്കും പ്രസ്ഥാനം ആവത് പരിശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം മുസ്‌ലിം സമുദായം ആരെയൊക്കെയോ അന്ധമായി പിൻപറ്റി പക്ഷപാതികളോ അതിക്രമികളോ ആവരുതെന്നും ജമാഅത്തിന് നിർബന്ധമുണ്ടായിരുന്നു. എല്ലാവരുമായും സാഹോദര്യ ബോധത്തോടെയാണവർ പെരുമാറേണ്ടത്. ആരുമായും നാം സംഘർഷം ആഗ്രഹിക്കുന്നില്ല.

**പ്രസ്ഥാനം ചിന്താരംഗത്ത് ചെലുത്തിയ സ്വാധീനം ബോധ്യപ്പെടണമെങ്കിൽ, ജമാഅത്തിന്റെ രൂപവത്കരണത്തിന് മുമ്പും ശേഷവും മറ്റു സംഘടനകൾ പുറത്തിറക്കിയ കൃതികൾ തമ്മിൽ ഒരു താരതമ്യം നടത്തിയാൽ മതിയെന്ന് മൗലാനാ മൗദൂദി പറയാറുണ്ടായിരുന്നു. ജമാഅത്തിന്റെ വൈജ്ഞാനികവും ചിന്താപരവുമായ കരുത്ത് ബോധ്യപ്പെടാൻ ഇതിനപ്പുറം തെളിവ് ആവശ്യമില്ല.**



സ്വദ്റുദ്ദീൻ ഇസ്‌ലാഹി

ഇതിനുവേണ്ടി നാം ഒരുപാട് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ ഈ കാഴ്ചപ്പാട് സമൂഹത്തിലെത്തിക്കാൻ നാം വേണ്ടത്ര നീക്കങ്ങൾ നടത്തിയിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. മുസ്‌ലിംകൾ കേവലം ഒരു സമുദായം (ഖൗമ്) അല്ലെന്നും, ആദർശ സമൂഹമാണെന്നുമുള്ള യഥാർഥ ചിത്രം ദേശനിവാസികൾക്ക് മുമ്പാകെ വരേണ്ടതുണ്ട്. ആ ആദർശ സ്വത്വത്തെ രാജ്യം തിരിച്ചറിയുമ്പോഴാണ് സാമുദായിക സംഘർഷങ്ങൾക്ക് അറുതിയുണ്ടാവുക. കേവല സമുദായവും ആദർശ സമൂഹവും തമ്മിലെ വ്യത്യാസം നമുക്ക് അറിയാമെങ്കിലും, രാജ്യനിവാസികൾക്ക് ഇനിയും അക്കാര്യത്തിൽ വ്യക്തത ഉണ്ടായിട്ടില്ല എന്ന് മനസ്സിലാക്കണം.

***വിഭജനത്തിന്റെ പശ്ചാത്തലത്തിലുണ്ടായിരുന്ന സാമുദായിക സംഘർഷം അവസാനിച്ചുവെന്നത് സത്യം തന്നെ. എന്നാൽ 1986-ൽ ബാബരി മസ്ജിദിന്റെ പൂട്ട് തുറക്കപ്പെടുകയും പിന്നീട് പള്ളിതന്നെ തകർക്കപ്പെടുകയും ചെയ്തു. ഹിന്ദുത്വശക്തികൾ അഴിഞ്ഞാടിയപ്പോൾ ഇസ്‌ലാമിന്റെ ആളുകളായിരുന്നു അതിന്റെ ഇരകൾ. ഈ സാമുദായിക സംഘർഷമാണ് വിഭജനവേളയിലെ ദുരന്തങ്ങളേക്കാൾ വലുത് എന്ന വീക്ഷണത്തോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു? സാമുദായിക ധ്രുവീകരണം നിലച്ചിട്ടില്ലാത്ത പുതിയ സാഹചര്യത്തിൽ വർഗീയ സംഘർഷം ദൂരീകരിക്കാൻ എന്ത് നീക്കമാണ് ആവശ്യം?***

സയ്യിദ് മൗദൂദി സാമുദായിക സംഘർഷങ്ങളെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലത്തിലാണ് മുൻ ചോ

ദ്യത്തിന്റെ മറുപടി ഞാൻ പറഞ്ഞത്. ഇന്ന് സാമുദായികതയും ദേശീയതയും മറ്റൊരു രൂപം പൂണ്ടിട്ടുണ്ടെന്നതു ശരിതന്നെ. ഇവിടെ വ്യത്യസ്ത മതക്കാരും വിവിധ സംസ്കാരത്തിന്റെ ആളുകളുമുണ്ട്. ഓരോരുത്തർക്കും അവരുടേതായ നിലപാടുകളുമുണ്ട്. എന്നാൽ ഒരു പ്രത്യേക ഭൂരിപക്ഷ വിഭാഗത്തിൽനിന്ന് അക്രമാസക്തമായ നിലപാടുകളാണ് പലപ്പോഴും കാണാനാവുന്നത്. അതിന്റെ ഒരു ഉദാഹരണമാണ് ബാബരി മസ്ജിദിന്റെ രക്തസാക്ഷിത്വം. കോടതിയിലിരിക്കുന്ന ഈ കേസ് ഉൾപ്പെടെ ഏതു കാര്യത്തിലും നിയമത്തിന്റെ വഴി എപ്പോഴും തുറന്നുകിടക്കേണ്ടതുണ്ട്. ഓരോ വിഭാഗവും മറ്റേ വിഭാഗത്തിന്റെ നിലപാടുകൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുക എന്നതാണ് സംഘർഷങ്ങൾ ഒഴിവാക്കാനുള്ള മാർഗം. അക്രമത്തിന്റെയും തീവ്രവാദത്തിന്റെടയും പാത വിട്ട് പരസ്പരം മനസ്സിലാക്കലിന്റെ പാത സ്വീകരിക്കാനാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്.



അബ്ദുൽ ഹഖ് അൻസാരി

**മൗദൂദിയെന്നല്ല, ആധുനികനോ പൗരാണികനോ ആയ ഒരു ഇസ്‌ലാമിക ചിന്തകന്റെയും വാക്ക് അവസാന വാക്കല്ലെന്ന് നാം മനസ്സിലാക്കണം. സാഹചര്യത്തിന്റെ സ്വാധീനം തീർച്ചയായും അതിൽ ഉണ്ടാവും. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകചര്യയുമാണ് അവസാന വാക്ക്.**

***സ്വാതന്ത്ര്യാനന്തരം ഇസ്‌ലാമികപ്രബോധനരംഗത്തെ പ്രവർത്തനം ഇന്ത്യയിൽ കുറഞ്ഞുപോയിട്ടില്ലേ? സംഘടനാവൃത്തം വലുതായി വരുമ്പോഴും പ്രബോധനരംഗത്തെ സ്വാധീനം എന്തുകൊണ്ട് പ്രകടമായി കാണാൻ സാധിക്കുന്നില്ല?***

ഈ വിലയിരുത്തൽ ശരിയല്ല. രാജ്യത്തെ വിവിധ ജനവിഭാഗങ്ങളുമായി നമുക്ക് പ്രബോധന ബന്ധമുണ്ട്. അവരുമായി നിരന്തരം ആശയവിനിമയം നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. അവരിൽ പലരും ഇസ്‌ലാമിനെ ശരിയായ രീതിയിലാണ് മനസ്സിലാക്കുന്നതും. തെറ്റുധാരണകൾ ദൂരീകരിക്കാനും ശ്രമങ്ങൾ നടക്കുന്നു. പ്രബോധന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന പരിപാടികൾക്ക് എവിടെയും എതിർപ്പുകളില്ലെന്നു മാത്രമല്ല, അവ എല്ലായിടത്തും സ്വീകരിക്കപ്പെടുന്നുമുണ്ട്. ഇസ്‌ലാമിനെതിരെ ദേശീയ-അന്തർദേശീയ തലത്തിൽ ഉപജാപക സംഘങ്ങൾ ശക്തമായി ചരട് വലിച്ചുകൊണ്ടിരിക്കുമ്പോഴും, ഈ സ്വീകാര്യതയുണ്ടാവുന്നത് ശുഭപ്രതീക്ഷക്ക് വക നൽകുന്നു.

***എഴുപത് വർഷം മുമ്പേ തയാറാക്കിത്തുടങ്ങിയ സാഹിത്യങ്ങളാണല്ലോ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രധാന മുതൽക്കൂട്ട്. അതിൽ നല്ലൊരു ഭാഗം ഇന്ത്യാ വിഭജനത്തിനു മുമ്പുള്ളതുമാണ്. സയ്യിദ് മൗദൂദി രചിച്ച പല ഗ്രന്ഥങ്ങളിലും മാർക്സിസവും ലെനിനിസവുമാണ് കാര്യമായി വിശകലനം ചെയ്യപ്പെടുന്നതും. ഇന്ന് ഈ സിദ്ധാന്തങ്ങളൊന്നും നിലവിലില്ലെന്നു മാത്രമല്ല, പകരം പുതിയ സിദ്ധാന്തങ്ങളാണ് അരങ്ങുവാഴുന്നത്; മുതലാളിത്തം പോലെ. ഇവയെ പ്രതിരോധിക്കാൻ നിലവിലെ സാഹിത്യങ്ങൾക്ക് കെൽപുണ്ടോ? അതിന് പുതിയ കൃതികൾ ആവശ്യമില്ലേ?***

ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ വിശദീകരിക്കുന്നവയാണ് സയ്യിദ് മൗദൂദിയുടെ രചനകളിൽ നല്ലൊരു ഭാഗം. ഏതു കാലത്തും പ്രയോജനപ്പെടുന്നവ. ചിലത് സാന്ദർഭികമായി രചിക്കപ്പെട്ടവയാണ്. വിഭജന പശ്ചാത്തലത്തിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളാണ് *മുസൽമാൻ ഔർ മൗജൂദ സിയാസീ കശ്മകശ്* എന്ന പേരിൽ പ്രസിദ്ധീകൃതമായത്. അതിലെ ചില ഭാഗങ്ങൾ സാന്ദർഭികമാണെങ്കിൽ പോലും, നല്ലൊരു ഭാഗം ഇന്നും ഉപകാരപ്രദമാവുന്ന തരത്തിൽ ചില അടിസ്ഥാന തത്ത്വങ്ങൾ പ്രകാശിപ്പിക്കുന്നവയാണ്. നിലവിലെ തത്ത്വസംഹിതകളെ നിരൂപണ വിധേയമാക്കിയെന്നത് സയ്യിദ് മൗദൂദി ചെയ്ത വലിയ സേവനം തന്നെയാണ്. അതിലൊരു തത്ത്വസംഹിതയായിരുന്നു സോഷ്യലിസം. സ്വതന്ത്രമായൊരു ജീവിത വീക്ഷണമായി അത് വളർന്നുവന്നിരുന്നു. അതിന്റെ മുഴുവൻ പോരായ്മകളും അദ്ദേഹം തുറന്നുകാട്ടുകയുണ്ടായി. അതേസമയം മുതലാളിത്തത്തെയും സയ്യിദ് മൗദൂദി വിശകലനവിധേയമാക്കിയിട്ടുണ്ട്. അതിന്റെയും തിന്മകൾ വിശദീകരിച്ച അദ്ദേഹം രണ്ടിനും പകരമായി ഇസ്‌ലാമിനെ ജീവിതവ്യവസ്ഥയായി അവതരിപ്പിക്കുകയാണുണ്ടായത്. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും മാർഗദർശനം നൽകുന്ന സമ്പൂർണ ജീവിത പദ്ധതിയായാണ് ഇസ്‌ലാമിനെ അദ്ദേഹം പരിചയപ്പെടുത്തിയത്. അതിൽ വിശ്വാസം, സ്വഭാവം, സമൂഹം, ഉപജീവനം, രാഷ്ട്രീയം എല്ലാം കടന്നുവരുന്നുണ്ട്. ഈ പരിപ്രേക്ഷ്യത്തിൽ വിലയിരുത്തുമ്പോൾ അദ്ദേഹത്തിന്റെ രചനകൾക്ക് എന്നും മൂല്യമുണ്ട്. മൗദൂദിയെന്നല്ല, ആധുനികനോ പൗരാണികനോ ആയ ഒരു ഇസ്‌ലാമിക ചിന്തകന്റെയും വാക്ക് അവസാന വാക്കല്ലെന്ന് നാം മനസ്സിലാക്കണം. സാഹചര്യത്തിന്റെ സ്വാധീനം തീർച്ചയായും അതിൽ ഉണ്ടാവും. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകചര്യയുമാണ് അവസാന വാക്ക്. അതിന്റെ അടിസ്ഥാനത്തിലാണ് വീക്ഷണങ്ങൾ രൂപപ്പെടേണ്ടത്. ഈ രണ്ട് പ്രമാണങ്ങളുടെ പിന്തുണ ലഭിക്കാത്ത കാഴ്ചപ്പാട് അസ്വീകാര്യമാണ്. ഗ്രന്ഥം അരനൂറ്റാണ്ട് മുമ്പുള്ളതാണോ അല്ലേ എന്നത് സ്വീകാര്യ-തിരസ്കാരങ്ങൾക്ക് മാനദണ്ഡമല്ലെന്നർഥം. നൂറ്റാണ്ടുകൾ മുമ്പ് ജീവിച്ച പണ്ഡിതന്മാരുടെ വീക്ഷണങ്ങളെ നാം പരിഗണിക്കാറുണ്ടല്ലോ. ഖുർആന്റെയും ഹദീസിന്റെയും അളവുകോൽ പ്രകാരം ആ വീക്ഷണത്തിന് പ്രാബല്യമുള്ളതുകൊണ്ടാണത്. കാലത്തിന്റെ കറക്കം അതിലെ ആശയങ്ങളെ ഇല്ലായ്മ ചെയ്യണമെന്നില്ല. പുതിയ സാഹചര്യങ്ങളിൽ പുതിയ കൃതികൾ ആവശ്യമില്ലേ എന്നാണ് അടുത്ത ചോദ്യം. ഇതിന്റെ ആവശ്യകത നന്നായി ബോധ്യപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാനുള്ള സംവിധാനങ്ങൾ നടപ്പാക്കി വരുന്നു. ദേശീയ-അന്തർദേശീയ തലത്തിലുണ്ടാവുന്ന നിരന്തര മാറ്റങ്ങൾ പുതിയകുറെ ചോദ്യങ്ങളും വെല്ലുവിളികളുമാണ് ഇസ്‌ലാമിന്നും പ്രസ്ഥാനത്തിനും മുമ്പിൽ ഉയർത്തുന്നത്. അവക്ക് കൃത്യമായ മറുപടി നൽകുന്നതിന് അത്തരം കൃതികൾക്ക് മുഖ്യ പങ്ക് വഹിക്കാനുണ്ട്. അവയില്ലാതെ ഒരു ചിന്താ പ്രസ്ഥാനത്തിനും മുന്നോട്ട് പോകാൻ കഴിയില്ലെന്നു മാത്രമല്ല, നിലനിൽപു പോലും ശ്രമകരമായിത്തീരും.

***ജമാഅത്തിന്റെ ചിന്താ- വൈജ്ഞാനിക വേദിയായ ഇദാറെ***

***തഹ്ഖീഖ് വൊ തസ്നീഫെ ഇസ്ലാമിയുടെ മുൻ സെക്രട്ടറിയും ഇപ്പോഴത്തെ പ്രസിഡന്റുമാണല്ലോ താങ്കൾ. ആ വേദിയെ സംബന്ധിച്ച്?***

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി രൂപീകൃതമായ ഉടനെ പുതിയ സാഹചര്യത്തിൽ നിലവിലുള്ള സാഹിത്യങ്ങൾക്കൊപ്പം പുതിയ രചനകളും ആവശ്യമാണെന്ന തോന്നൽ ശക്തമായിരുന്നു. ഇതിന്റെ ചുമതല ജമാഅത്ത് ഏൽപിച്ചത് മൗലാനാ സ്വദ്റുദ്ദീൻ ഇസ്ലാഹിയെ ആയിരുന്നു. മറ്റു ചിലർ കൂടി സഹായിക്കാനെത്തി. അതിന് ആദ്യം 'ഇദാറെ തസ്നീഫ് ജമാഅത്തെ ഇസ്ലാമി ഹിന്ദ്' എന്നാണ് പേരിട്ടിരുന്നത്. ഒരു സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനമുണ്ടാക്കുകയായിരുന്നു ഇതിന്റെ അടുത്ത പ്രവർത്തനം. ആധുനിക വിദ്യാഭ്യാസം കരസ്ഥമാക്കിയ യുവാക്കൾക്ക് ഇസ്ലാമിക വിദ്യാഭ്യാസം നൽകി, അവർ മുഖേന ഇസ്ലാമിക പ്രസ്ഥാനത്തിന്റെ വൈജ്ഞാനികാവശ്യങ്ങൾ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഈ സ്ഥാപനത്തിൽനിന്നാണ് ഡോ. മുഹമ്മദ് നജാത്തുല്ലാ സിദ്ദീഖി, ഡോ. മുഹമ്മദ് അബ്ദുൽ ഹഖ് അൻസാരി, ഡോ. എഫ്. ആർ ഫരീദി, റാവു ഇർഫാൻ അഹ്മദ് ഖാൻ, ഡോ. അബ്ദുൽ മുഇസ്സ് മൻളർ, ഹബീബ് ഹാമിദ് അൽകാഫ് തുടങ്ങിയ പ്രഗത്ഭമതികളുണ്ടായത്. മൗലാനാ സ്വദ്റുദ്ദീൻ ഇസ്ലാഹിയും *സിന്ദഗി*യുടെ പത്രാധിപരായിരുന്ന സയ്യിദ് ഹാമിദലിയുമാണ് കേന്ദ്രത്തിൽ ഇതിന്റെ മേൽനോട്ടം വഹിച്ചത്. 1956 മുതലാണ് ഞാൻ ഇതിന്റെ ചുമതലയിൽ നിയമിക്കപ്പെടുന്നത്. 1954 മുതൽക്ക് ഒരു വിദ്യാർഥിയായി ഞാൻ രാംപൂരിൽ ഉണ്ടായിരുന്നു. ഇതേ കാലത്ത് തന്നെയാണ് *രിസാല* എഡിറ്റർ വഹീദുദ്ദീൻ ഖാനെയും ഈ ഉദ്ദേശ്യാർഥം കേന്ദ്രത്തിൽ വിളിച്ചുവരുത്തിയത്. *സിന്ദഗി* എഡിറ്റർ മൗലാനാ സയ്യിദ് അഹ്മദ് ഉറൂജ് ഖാദിരിയും സഹായിയായി പാറ്റ്നയിൽനിന്ന് രാംപൂരിലെത്തി. ഇങ്ങനെ ഒരു കൊച്ചുസംഘം രാംപൂരിൽ വൈജ്ഞാനിക പ്രവർത്തനങ്ങളിൽ മുഴുകി. അലീഗഢ് ഇന്ത്യയിലെ ഒരു വലിയ വൈജ്ഞാനിക കേന്ദ്രമായി മാറിയപ്പോൾ ഈ കേന്ദ്രം അവിടേക്ക് മാറ്റാൻ ജമാഅത്ത് തീരുമാനിച്ചു. മുഹമ്മദ് യൂസുഫ് ഇസ്ലാഹി, മൗലാനാ മുഹമ്മദ് ഫാറൂഖ് എന്നിവരും ഇദാറയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. മൗലാനാ മുഹമ്മദ് യൂസുഫ് ഇസ്ലാഹി അലീഗഢിലേക്ക് മാറാൻ കഴിയില്ലെന്ന് അറിയിച്ചു. മുഹമ്മദ് ഫാറൂഖിന് ദൽഹിയിലേക്ക് പോകേണ്ടി വന്നു. ഇതിനിടെ വഹീദുദ്ദീൻ ഖാൻ ജമാഅത്ത് ബന്ധം വിഛേദിച്ചിരുന്നു. മൗലാനാ ഉറൂജ് ഖാദിരിക്കും അനാരോഗ്യം നിമിത്തം കൂടുതൽ നാൾ അലീഗഢിൽ താമസിക്കാൻ കഴിഞ്ഞില്ല. അലീഗഢിലെത്തിയ ഞാൻ ഗ്രന്ഥരചനാ പരിശീലനത്തിനു വേണ്ടി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടതോടെ ഇദാറക്ക് ഒരു കർമ പദ്ധതി രൂപംകൊണ്ടു. 1981-ൽ സൊസൈറ്റി ആക്ട് പ്രകാരം സ്ഥാപനം രജിസ്റ്റർ ചെയ്തു. 1982 മുതൽ *തഹ്ഖീഖാതെ ഇസ്ലാമി* എന്ന അതിന്റെ മുഖപത്രം ആരംഭിച്ചു. ഇദാറയിലെ അംഗങ്ങൾ വിവിധ വൈജ്ഞാനിക രംഗങ്ങളിലും സേവനമർപ്പിക്കുന്നുണ്ട്. യൂനിവേഴ്സിറ്റികളിലും മറ്റു ഉന്നത സ്ഥാപനങ്ങളിലും ഇസ്ലാമിക വിഷയങ്ങളിൽ പഠനം നടത്തുന്നവരുടെ സേവനവും ഇദാറ ആവശ്യപ്പെട്ടിരുന്നു. അവരുടെ വൈജ്ഞാനിക സേവനങ്ങൾ *തഹ്ഖീഖാതെ ഇസ്ലാമി* ത്രൈമാസികക്ക് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു.

***സയ്യിദ് മൗദൂദിക്ക് ശേഷം പ്രസ്ഥാനത്തിനു കാര്യമായ വൈജ്ഞാനിക സംഭാവനകൾ നൽകിയ പ്രമുഖർ ആരെല്ലാമാണ്?***

സയ്യിദ് മൗദൂദിക്ക് ശ്രദ്ധ പതിപ്പിക്കാൻ കഴിയാത്ത മേഖലകൾ ഉണ്ടായിരുന്നു. അത് പൂരിപ്പിക്കുന്നതിൽ പിൽക്കാലത്ത് കാര്യമായ ശ്രമങ്ങളുണ്ടായി. ആ ഗണത്തിൽ പെട്ടതാണ് മൗലാനാ സ്വദ്റുദ്ദീൻ ഇസ്ലാഹിയുടെ *അസാസെ ദീൻ കീ തഅ്മീർ* എന്ന ഗ്രന്ഥം. ഖുർആൻ സൃഷ്ടിക്കുന്ന മനസ്സും ചരിത്ര നിർമിതിക്ക് ഖുർആൻ മുന്നോട്ടുവെക്കുന്ന അടിത്തറകളുമാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യം. അദ്ദേഹത്തിന്റെ തന്നെ മറ്റൊരു ഗ്രന്ഥമാണ് *ഫരീദെ ഇഖാമതുദ്ദീൻ.* ജമാഅത്ത് ലക്ഷ്യമായി സ്വീകരിച്ച ദീനിന്റെ സംസ്ഥാപനം എന്താണെന്ന് പരിചയപ്പെടുത്തുന്ന ആദ്യത്തെ സ്വതന്ത്ര കൃതിയാണിത്. പ്രസ്ഥാന ലക്ഷ്യം മനസ്സിലാക്കാൻ ഏറെ ഉപകാരപ്പെട്ടിരുന്നു ഇത്. ദീനിനെ സംബന്ധിച്ച സ്വൂഫീ കാഴ്ചപ്പാടും ഖുർആനിക വീക്ഷണവും രണ്ടും രണ്ടാണ്. ഇക്കാര്യം അപഗ്രഥിച്ചുകൊണ്ടാണ് ഇസ്ലാഹി സാഹിബ് *ദീൻകാ ഖുർആനി തസ്വവ്വുർ* എഴുതിയത്. ഫിഖ്ഹീ വിഷയങ്ങളിലാണ് സയ്യിദ് അഹ്മദ് ഉറൂജ് ഖാദിരിയുടെ പ്രധാന സംഭാവനകൾ. ആ വിഷയങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ പിന്നീട് ഗ്രന്ഥരൂപത്തിലാക്കി. സ്വൂഫിസത്തെ ഇസ്ലാമികം, ഇസ്ലാമേതരം എന്നിങ്ങനെ വർഗീകരിച്ചിരുന്നു മൗലാനാ മൗദൂദി. ഈ ആശയത്തെ വിപുലീകരിക്കുന്ന കൃതിയും ഉറൂജ് ഖാദിരി രചിക്കുകയുണ്ടായി.

ആദ്യകാലത്ത് യുക്തിബന്ധുരമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതിയാണ് സയ്യിദ് മൗദൂദി അവലംബിച്ചിരുന്നത്. ബുദ്ധിപരമായ തെളിവുകൾ നിരത്തുകയും ഉപോദ്ബലകമായി ഖുർആൻ-ഹദീസ് തെളിവുകൾ കൊണ്ടുവരികയും ചെയ്യുന്ന രീതിയായിരുന്നു മൗദൂദിയുടേത്. എന്നാൽ സ്വദ്റുദ്ദീൻ ഇസ്ലാഹിയും സയ്യിദ് ഉറൂജ് ഖാദിരിയും ഈ ക്രമത്തെ തലതിരിച്ചാണ് ഗ്രന്ഥരചന നടത്തിയത്. ഖുർആൻ-ഹദീസുകളിലെ തെളിവുകളെ അടിത്തറകളായി സ്വീകരിച്ച അവർ, ബുദ്ധിപരമായ ന്യായങ്ങളെ ഉപോദ്ബലകമായേ അവലംബിച്ചിട്ടുള്ളൂ. ഈ രണ്ട് തരത്തിലുള്ള കൃതികളും ഒന്നിച്ച് വായിച്ചാൽ ബുദ്ധിപരവും പ്രമാണപരവുമായ മുഴുവൻ തെളിവുകളും നമുക്ക് ലഭിക്കും. സ്വദ്റുദ്ദീൻ ഇസ്ലാഹിയുടെ *ഇസ്ലാം ഒറ്റനോട്ടത്തിൽ* എന്ന ഗ്രന്ഥം സമഗ്ര സ്വഭാവമുള്ളതാണ്. ഖുർആൻ-ഹദീസുകളിൽനിന്നുള്ള തെളിവുകളാണ് അതിൽ മിക്കതും. ഖുർആൻ-ഹദീസുകളുടെ

**ഓരോ വിഭാഗവും മറ്റേ വിഭാഗത്തിന്റെ നിലപാടുകൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുക എന്നതാണ് സംഘർഷങ്ങൾ ഒഴിവാക്കാനുള്ള മാർഗം. അക്രമത്തിന്റെയും തീവ്രവാദത്തിന്റെയും പാത വിട്ട് പരസ്പരം മനസ്സിലാക്കലിന്റെ പാത സ്വീകരിക്കാനാണ് ഇസ്ലാം ആഹ്വാനം ചെയ്യുന്നത്.**



**എഫ്.ആർ ഫരീദി**

**ദുരിതാശ്വാസ രംഗത്ത് സർക്കാർ ഏജൻസികളെ മാറ്റിനിർത്തിയാൽ ജമാഅത്തിന്റെയത്ര മറ്റൊരു സംഘടനയും സേവനമർപ്പിച്ചിട്ടുണ്ടാവില്ല. ഗുജറാത്ത് കലാപത്തിലും തമിഴ്നാട്ടിലെ സൂനാമിയിലും ചിത്രം മറ്റൊന്നായിരുന്നില്ല. ജനസേവനരംഗത്ത് പ്രസ്ഥാനത്തിന്റെ വിവിധ കൂട്ടായ്മകൾ കർമഭൂമിയിലുണ്ട്.**



നജാത്തുല്ല സിദ്ദീഖി

അപഗ്രഥനമാണ് മൗലാനാ സയ്യിദ് ഹാമിദലിയുടെ കൃതികളിലും കാണാനാവുക. ഇങ്ങനെ ജമാഅത്ത് വളർത്തിക്കൊണ്ടുവരികയും ഇസ്‌ലാമിക ചിന്തയെ മുന്നോട്ട് ചലിപ്പിക്കുകയും പ്രമാണയുക്തമാക്കുകയും ചെയ്ത കർമനിരതരായ പണ്ഡിതന്മാരുടെ വൃത്തം ഏറെ വിപുലമാണ്.

***യുവത്വം മുതൽക്കേ ഗ്രന്ഥരചനയിലും ഗവേഷണത്തിലും ഏർപ്പെട്ടതിനാൽ താങ്കളുടെ വൈജ്ഞാനിക സംഭാവനകൾക്ക് വൈവിധ്യമുണ്ടല്ലോ?***

ഇസ്‌ലാമിന്റെ വിവിധ വശങ്ങളെക്കുറിച്ച് ധാരാളം വായിക്കാനും എഴുതാനും കഴിഞ്ഞുവെന്നത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. ജമാഅത്തിന് സാഹിത്യങ്ങൾ ഇല്ലാത്ത വിഷയങ്ങളിൽ ആ വിടവ് നികത്താനായിരുന്നു എന്റെ ശ്രമങ്ങൾ. പുതിയ വിഷയങ്ങൾ ചർച്ച ചെയ്യാനും അവസരമുണ്ടായി. ഇസ്‌ലാമിലെ കുടുംബ വ്യവസ്ഥയാണ് എന്റെ ഒരു ഗവേഷണ മേഖല. സ്ത്രീയുടെ അവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്ന വിഷയത്തിൽ അഞ്ച് ഗ്രന്ഥങ്ങൾ രചിച്ചു. മാതാപിതാക്കളുടെയും കുട്ടികളുടെയും അവകാശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾക്കു ഗ്രന്ഥരൂപം നൽകാനുള്ള പ്രവർത്തനത്തിലാണ്. മനുഷ്യാവകാശമാണ് മറ്റൊരു പഠനമേഖല. ദഅ്‌വത്-തർബിയത്ത് വിഷയങ്ങളിൽ, *ഇസ്‌ലാം കീ ദഅ്‌വത്ത്, മഅ്റൂഫ് വൊ മുൻകർ* തുടങ്ങിയ നിരവധി കൃതികൾ വേറെയും. രോഗവും ആരോഗ്യവും, ജനസേവനം, കർമശാസ്ത്ര ഗവേഷണങ്ങൾ തുടങ്ങിയ വിഷയങ്ങളിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ പലതും അന്യ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

***ഇന്ത്യൻ സമൂഹത്തിൽ മതങ്ങൾക്കുള്ള പ്രാധാന്യവും സ്വാധീനവും അനിഷേധ്യമാണ്. മതങ്ങളെക്കുറിച്ച് പഠനം നടത്താൻ ജമാഅത്ത് എത്രമാത്രം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്?***

ഇന്ത്യയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഇവിടത്തെ മതങ്ങളെ സംബന്ധിച്ചു പഠനങ്ങൾ നടന്നിട്ടുണ്ട്. എന്റെ ഓർമയിൽ ആദ്യമായി ഈ രംഗത്ത് ഭാഗികമായെങ്കിലും കാൽവെപ്പ് നടത്തിയത് മൗലാനാ ഇമാമുദ്ദീൻ രാംനഗരിയാണ്. 1968–69കളിൽ വേദങ്ങൾ, രാമായണം, മഹാഭാരതം, ഗീത എന്നിവയെക്കുറിച്ച് ഞാൻ നിരവധി ലേഖനങ്ങൾ എഴുതുകയും അവ *സിന്ദഗി*യിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അവതാര സങ്കൽപത്തെക്കുറിച്ചും ഞാൻ പഠനം നടത്തിയിട്ടുണ്ട്. ഹിന്ദുമതം, ബുദ്ധമതം, സിഖു മതം, ജൈനമതം എന്നിവയെ സംബന്ധിച്ച് വിജ്ഞാനപ്രദമായ ലേഖനപരമ്പരകൾ എഴുതിയ സയ്യിദ് ഹാമിദലിയുടെ ശ്രമങ്ങളും ശ്രദ്ധേയമാണ്. 'വേദവും അതിന്റെ പഴമയും' എന്ന തലക്കെട്ടിൽ അക്ബർ ഷാഖാൻ നജീബാദിയുടെ കൃതി പുറത്തു വന്നിട്ടുണ്ട്. ഖുർആന്റെ ഹിന്ദി വിവർത്തകനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ മൗലാനാ മുഹമ്മദ് ഫാറൂഖ് ഖാനാണ് ഈ മേഖലയിൽ പഠനം നടത്തിയ മറ്റൊരാൾ. ഡോ. മുഹമ്മദ് അഹ്മദ് (*കാന്തി* എഡിറ്റർ), മൗലനാ നസീം അഹ്മദ് ഗാസി ഫലാഹി എന്നിവരും ഹിന്ദുമതത്തെ ആഴത്തിൽ അപഗ്രഥിച്ചിട്ടുണ്ട്. ഇന്ത്യൻ മതങ്ങളുടെ വിവിധ തലങ്ങൾ അപഗ്രഥിക്കുന്ന അവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ഒരുക്കമാരംഭിച്ചിട്ടുമുണ്ട്. ഡോ. അബ്ദുൽഹഖ് അൻസ്വാരിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക് അക്കാദമിയും മതതാരതമ്യത്തിൽ വലിയ ചുവടുകൾ വെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

***ഇന്ത്യയിലെ പ്രബോധന പ്രവർത്തനങ്ങളെക്കുറിച്ച്?***

വളരെ ആവേശകരമായ അനുഭവമാണ് ഈ രംഗത്തുനിന്ന് ലഭിക്കുന്നത്. ഏതു പ്രശ്നത്തിലും ഇസ്‌ലാമിക നിലപാട് രാജ്യനിവാസികളുടെ മുമ്പിൽ വെക്കുമ്പോൾ അവരത് ശ്രദ്ധാപൂർവം കേൾക്കാൻ തയാറാകുന്നുണ്ട്. രാഷ്ട്രീയമായ കാരണങ്ങളാൽ ഇസ്‌ലാമിനോട് ശത്രുത ജനിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും സാധാരണക്കാരുടെ പ്രതികരണത്തെ അത് സ്വാധീനിക്കാറില്ല. ജനങ്ങൾക്ക് ഇസ്‌ലാമിനെ പറ്റി ചിന്തിക്കാനും പഠിക്കാനും സാധിക്കുന്ന അന്തരീക്ഷം കൂടി സംജാതമായാൽ മുമ്പോട്ടുള്ള പ്രയാണം എളുപ്പമായിരിക്കും.

***നേതൃത്വം ഏറ്റെടുത്ത ശേഷം നൽകിയ അഭിമുഖത്തിൽ, രണ്ട് കാര്യങ്ങളിൽ ഊന്നൽ നൽകുമെന്ന് താങ്കൾ പ്രഖ്യാപിക്കുകയുണ്ടായി. ഇസ്‌ലാമിക പ്രബോധനം മുൻഗണനാക്രമത്തിൽ ഊന്നലോടെ അവതരിപ്പിക്കും, ആഭ്യന്തര സംസ്കരണ രംഗത്തെ പോരായ്മ പരിഹരിക്കും എന്നിവയായിരുന്നു അവ. നേതൃത്വത്തിൽ രണ്ടു വർഷം പിന്നിട്ടിരിക്കെ, ഈ രംഗത്ത് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?***

പ്രബോധന പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കാനും വിവിധ മേഖലകളിലേക്കു വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിലെയും സംസ്ഥാന ഹൽഖകളിലെയും പ്രബോധക വിംഗ് വളരെ ചലനാത്മകമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ നിലനിൽക്കുന്നതിനാൽ നമുക്ക് ചെയ്യാനുള്ള പ്രധാന പ്രവർത്തനം അവയുടെ ദൂരീകരണമാണെന്ന സന്ദേശമാണ് ഞാൻ അടിവരയിട്ടു പറയാറുള്ളത്.

പ്രവർത്തകരുടെ ആത്മസംസ്കരണത്തിന് മേൽനോട്ടം വഹിക്കുന്നത് സംഘടനയാണ്. അതിനുവേണ്ടി ചില സന്ദർഭങ്ങളിൽ വ്യക്തിഗത റിപ്പോർട്ടുകൾ ശേഖരിച്ച് ആവശ്യമായ ഉപദേശങ്ങൾ നൽകിവരുന്നുണ്ട്. ആത്മവിചാരണയാണ് തർബിയത്തിന്റെ അടിസ്ഥാന ഘടകം. ഖുർആൻ അവതരിപ്പിക്കുന്ന ദൈവഭക്തിയുടെയും ഉന്നത ജീവിതമൂല്യങ്ങളുടെയും മൂശയിൽ പ്രവർത്തകർ വാർത്തെടുക്കപ്പെടണമെന്നാണ് നമ്മുടെ ആഗ്രഹം. പക്ഷേ, സമൂഹത്തെ ഗ്രസിച്ച തിന്മകളുടെ പാഴ്ച്ചേറിനു നടുവിൽ ജീവിക്കുന്ന ഏതൊരാൾക്കും അതിൽനിന്നു പൂർണമായും മുക്തിനേടുക പ്രയാസമാണ്. ഒരു നിർണിത അളവിലെങ്കിലും നിശ്ചിത മൂല്യങ്ങൾ എല്ലാ പ്രവർത്തകരിലും ഉണ്ടാവണമെന്നാണ് സംഘടന നിഷ്കർഷിക്കുന്നത്. ഇക്കാര്യത്തിൽ ഒരു പരിധിവരെ പ്രസ്ഥാനം വിജയിച്ചിട്ടുണ്ടെങ്കിലും ഇനിയും ഒരുപാട് മാറാനുണ്ട്.

***ജമാഅത്തിന് മുസ്‌ലിമേതര വേദികളുമായി ബന്ധമുണ്ടല്ലോ?***

രാജ്യത്തിന് നിരവധി പൊതു പ്രശ്നങ്ങളുണ്ട്. ദാരിദ്ര്യം, അസമത്വം, അനീതി, അക്രമം, അവകാശ നിഷേധം, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ തുടങ്ങി നിരവധി കാര്യങ്ങൾ രാജ്യത്തിന്റെ പൊതു പ്രശ്നങ്ങളാണ്. മതപരവും സാംസ്കാരികവുമായ വേറെ കുറെ പ്രതിസന്ധികൾ കൂടിയുണ്ട് മുസ്‌ലിംകൾക്ക്. ജമാഅത്തോ മറ്റിതര മുസ്‌ലിം സംഘടനകളോ ഒറ്റക്കു വിചാരിച്ചാൽ പരിഹരിക്കാവുന്നവയല്ല ഇവ. അതിനാൽ മുസ്‌ലിംപ്രശ്നങ്ങളോട് അനുഭാവം പുലർത്തുന്ന മറ്റ് വിഭാഗങ്ങളെയും സഹകരിപ്പിക്കുന്നതിൽ യാതൊരു തെറ്റുമില്ല. അവരും നാമും തമ്മിൽ വീക്ഷണസമാനത വിശ്വാസ രംഗത്തല്ല, പൊതു പ്രശ്നങ്ങളിലാണെന്ന് തിരിച്ചറിയണമെന്ന് മാത്രം. ആദർശസംബന്ധമായി അവരുമായും ആശയവിനിമയം നടക്കേണ്ടതുണ്ട്. ദൈവത്തിലും പരലോകത്തിലും പ്രവാചകന്മാരിലും ജനം വിശ്വാസമർപ്പിക്കാത്ത കാലത്തോളം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്നതാണ് നമ്മുടെ നിലപാട്. ഈ നിലപാടിൽ നിലയുറപ്പിച്ചുകൊണ്ടുതന്നെ പൊതു പ്രശ്നങ്ങളിൽ മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിൽ യാതൊരു തടസ്സവും ഉണ്ടാകേണ്ടതില്ല.

***ജനസേവനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ജമാഅത്ത് അർപ്പിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളെപ്പറ്റി?***

വളരെ മുമ്പ് ആരംഭിച്ച ഈ പ്രവർത്തനങ്ങൾക്ക് അടുത്ത കാലത്ത് കൂടുതൽ വ്യാപകത്വം ഉണ്ടായിട്ടുണ്ട്. ദുരിതാശ്വാസ രംഗത്ത് സർക്കാർ ഏജൻസികളെ മാറ്റിനിർത്തിയാൽ ജമാഅത്തിന്റെയത്ര മറ്റൊരു സംഘടനയും സേവനമർപ്പിച്ചിട്ടുണ്ടാവില്ല. ഗുജറാത്ത് കലാപത്തിലും തമിഴ്നാട്ടിലെ സൂനാമിയിലും ചിത്രം മറ്റൊന്നായിരുന്നില്ല. ജനസേവന രംഗത്ത് പ്രസ്ഥാനത്തിന്റെ വിവിധ കൂട്ടായ്മകൾ കർമഭൂമിയിലുണ്ട്. ഹൈദരാബാദിലെ മെറ്റേർണിറ്റി സെന്റർ, കേരളത്തിലെ നിരവധി ഹോസ്പിറ്റലുകൾ തുടങ്ങി വൈദ്യശാസ്ത്ര മേഖലയിൽ ഗണ്യമായ സേവനങ്ങളർപ്പിക്കുന്നു. നാം നടത്തുന്ന സ്കൂളുകളും കോളേജുകളും നൂറുകണക്കിനു വരും. നമ്മുടെ പലിശരഹിത ബാങ്കിംഗ് നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. വിദ്യാർഥികൾക്കു തൊഴിലവസരം നൽകൽ, അതിനു കിടയറ്റ സ്ഥാപനങ്ങൾ സംവിധാനിക്കൽ തുടങ്ങിയവയും ലക്ഷ്യമാണ്. വടക്കേ ഇന്ത്യ വിദ്യാഭ്യാസപരമായി ഏറെ പിന്നാക്കമായതിനാൽ ആ ഭാഗത്ത് കൂടുതൽ ശ്രദ്ധയൂന്നും. ഇസ്‌ലാമികാധ്യാപനങ്ങളുടെ അനിവാര്യത എന്ന നിലക്കാണ് ഇസ്‌ലാമിക പ്രസ്ഥാനം ഇതെല്ലാം ചെയ്യുന്നത്.

***പ്രസ്ഥാനത്തിന്റെ സാധ്യതകൾ എന്തൊക്കെയാണ്?***

സാധ്യതകൾ, സന്ദർഭവുമായി ബന്ധപ്പെട്ടാണുണ്ടാവുന്നത്. ഒരുവശത്ത് വെളിച്ചം കാണുമ്പോൾ മറുവശത്ത് അതു കെട്ടുപോവുകയാണോ എന്നും തോന്നാറുണ്ട്. അധികാര രാഷ്ട്രീയ ശക്തിപ്രയോഗം, നമ്മുടെ അലസതയും അശ്രദ്ധയും ഇതൊക്കെ കാണുമ്പോൾ സാധ്യതകൾ മങ്ങുകയാണോ എന്ന് തോന്നാറുണ്ട്. മറുവശത്ത് രാജ്യത്തെ പൊതുജനങ്ങളുടെ മതപരവും ധാർമികവുമായ സ്വഭാവം, ഇസ്‌ലാമിനെയും അതിന്റെ അധ്യാപനങ്ങളെയും കുറിച്ച് ചിന്തിക്കാനുള്ള താൽപര്യം തുടങ്ങിയ സാധ്യതയുടെ വിശാല ലോകമാണ് തുറക്കുന്നത്. സാധ്യതയുടെയും സാധ്യത ഇല്ലായ്മയുടെയും യഥാർഥ ബന്ധം അല്ലാഹുവിന്റെ തീരുമാനവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അവൻ ഉദ്ദേശിച്ചാൽ എല്ലാ തടസ്സങ്ങളും നീങ്ങി നിമിഷങ്ങൾക്കകം വമ്പിച്ച മാറ്റത്തിന് കളമൊരുങ്ങും. ഏതു ഘട്ടത്തിലും സത്യസാക്ഷ്യ നിർവഹണത്തിന് നമ്മുടെ ഊർജം ചെലവഴിക്കുകയെന്നതാണ് നമ്മുടെ ബാധ്യത. സാഹചര്യങ്ങളെ നമുക്ക് അനുകൂലമാക്കിത്തരാൻ ദൈവത്തോട് പ്രാർഥിക്കുകയും ചെയ്യാം.

***അവഗണിക്കാനാവാത്ത ശക്തിയായി മീഡിയ മാറിയിട്ടുണ്ട്. ഈ മേഖലയിൽ വല്ല മുന്നേറ്റവും പ്രസ്ഥാനം നടത്തിയിട്ടുണ്ടോ?***

പ്രിന്റ് മീഡിയാ രംഗത്ത് ഒരു പരിധിവരെ ചിലതൊക്കെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രോണിക് മീഡിയാ രംഗം ശൂന്യമാണെന്ന് പറയണം. ഇലക്ട്രോണിക് മീഡിയയിൽ ചില നീക്കങ്ങൾ നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

***പ്രസ്ഥാനം രൂപീകരണ ഘട്ടത്തിൽ രണ്ട് ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിയിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രസാധനാലയം എന്നിവ. ഇക്കാര്യത്തിൽ ഊന്നൽ ഇപ്പോഴുമുണ്ടോ?***

രാംപൂരിലും ദർബഗയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നതിനു ശേഷം ഈ മേഖലയിൽ വമ്പിച്ച മുന്നേറ്റം നടന്നിട്ടുണ്ട്. കാലത്തിനനുസരിച്ച മാറ്റവും ഉൾക്കൊണ്ടിട്ടുണ്ട്. അക്കാലത്ത് ആവശ്യമായിരുന്ന പാഠ്യപദ്ധതി അന്ന് തയാറാക്കുന്നതിൽ പ്രസ്ഥാനം ഏറെ വിജയിച്ചു. കാലം മാറിയപ്പോൾ പുതിയ പൊതു വിദ്യാഭ്യാസ ഘടനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ നാമും ഉൾക്കൊണ്ടു വരികയാണ്. തുടക്കത്തിൽ സയ്യിദ് മൗദൂദിയുടെയും സഹപ്രവർത്തകരുടെയും ഗ്രന്ഥങ്ങളായിരുന്നു നമ്മുടെ വൈജ്ഞാനിക മൂലധനം. എന്നാൽ ഇന്ന് വമ്പിച്ച മാറ്റമുണ്ടായിട്ടുണ്ട്. ഉർദുവിൽ 1200ലധികം ഗ്രന്ഥങ്ങൾ നാം പ്രസിദ്ധീകരിച്ചുവെന്നത് ചെറിയ സംഭവമല്ല. ഇംഗ്ലീഷിലും ഹിന്ദിയിലും വലിയൊരു ശേഖരവും നമുക്കുണ്ട്. എങ്കിലും ചിന്താ വിപ്ലവത്തിന് തിരികൊളുത്താൻ പുതിയ ഗ്രന്ഥങ്ങൾ ഇനിയും ആവശ്യം തന്നെ.

***ഇസ്‌ലാമിക പ്രവർത്തകരോട് പറയാനുള്ളത്?***

ഇസ്‌ലാമിന്റെ വിശാലമായ മാനവിക വീക്ഷണങ്ങളാണ് ഇസ്‌ലാമിക പ്രസ്ഥാനം മുന്നോട്ടു വെക്കുന്നതെങ്കിലും അത് തിരിച്ചറിഞ്ഞവർ വളരെ വിരളമാണെന്ന് പ്രവർത്തകർ മനസ്സിലാക്കണം. രാജ്യത്തിനും സമൂഹത്തിനും സേവനം ചെയ്തുകൊണ്ടിരിക്കുന്നവർക്കു മുമ്പാകെ നിരവധി ലക്ഷ്യങ്ങളുണ്ടാവണം. ഇസ്‌ലാമിനെ അതിന്റെ എല്ലാ വിശാലതകളോടും കൂടി രാജ്യത്തിനു സമർപ്പിക്കുക, അത്തരം ഒരു അവതരണത്തിന് എല്ലാ ശക്തിയും കരുത്തും വിനിയോഗിക്കുക എന്നിവ അതിൽ ഉൾപ്പെടുന്നു. ഇസ്‌ലാം അവഗണിക്കാനാവാത്ത ശക്തിയായി വളർന്നുവരുമ്പോൾ, അതിൽ തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടോ എന്ന് ചിന്തിക്കാൻ ജനങ്ങൾ നിർബന്ധിതരായിത്തീരണം. അതിനുവേണ്ടി ഇസ്‌ലാമിനെ നമ്മുടെ രക്തത്തിൽ അലിയിച്ചു ചേർത്ത് ജീവിതം അതിന്റെ പകർപ്പാക്കി മാറ്റണം. ദയ, കാരുണ്യം, നീതി, നിസ്വാർഥത, സ്നേഹം, സമത്വം തുടങ്ങിയ നമ്മുടെ ജീവിത മൂല്യങ്ങൾ ഇസ്‌ലാമിന്റെ അളവുകോലുകളായി മാറട്ടെ. നമ്മുടെ സകല ശേഷിയും ശേഷിപ്പുകളും ഇസ്‌ലാമിനെ മുഴുവൻ മുക്കുമൂലകളിൽ പ്രസരിപ്പിക്കാൻ ഉപയുക്തമാക്കുക. എങ്കിൽ രാജ്യത്തെ ഒരു പുതുചിന്തയിൽ മാറ്റിപ്പണിയാൻ സാധിക്കുമെന്ന കാര്യം തീർച്ച. ■

**വിവ. റഫീഖുർറഹ്മാൻ മൂഴിക്കൽ**

(*ദഅ്വത്ത്* പുറത്തിറക്കിയ *ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ 60 വർഷങ്ങൾ* എന്ന വിശേഷാൽ പതിപ്പിൽനിന്ന്)